(ബി) അതേ.

(സി) ബി. സി. ജി. വാക്സിൻ 20 ഡോസുകളുടെ vial അഥവാ ആംപ്യൂൾ ആയിട്ടാണ് വിതരണം നടത്തിയിരുന്നതും ഇപ്പോൾ നടത്തുന്നതും 21 vial ബോട്ടിലുകളായി വിതരണം നടത്തുന്നില്ല.

(ഡി) ഇല്ല.

(ഇ) കേരളത്തിൽ 98 ശതമാനത്തോളം ജനനവും ആശുപത്രികളിൽ നടക്കുന്നതുകൊണ്ട് ജനിച്ച ഉടനെതന്നെ കുഞ്ഞുങ്ങൾക്ക് ബി. സി. ജി. നൽകാനുള്ള നടപടികൾ നിലവിലുണ്ട്. ജനിച്ച ഉടനെ ബി. സി. ജി. എടുക്കാത്ത കുഞ്ഞുങ്ങൾക്ക് മാത്രമേ മറ്റ് ആശുപത്രികളിൽനിന്നും എടുക്കേണ്ടിവരുന്നുള്ളൂ. അവരുടെ എണ്ണം വളരെ കുറവാണ്. എല്ലാ ബുധനാഴ്ചകളിലും ബി. സി. ജി. ഉൾപ്പെടെ പ്രതിരോധ കുത്തിവയ്പുകൾ മുഴുവൻ സർക്കാർ ആശുപത്രികളിൽ നടത്തിവരുന്നു.

എയ്ഡ്സ് രോഗ പ്രതിരോധ പ്രവർത്തനങ്ങൾ

120 [3819] *ശ്രീ. വി. ചെന്താമരാക്ഷൻ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001, 2002, 2003, 2004 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് എയ്ഡ്സ് രോഗികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ബി) എയ്ഡ്സ് രോഗം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്; വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 2001, 2002, 2003, 2004 എന്നീ വർഷങ്ങളിൽ സംസ്ഥാനത്ത് എയ്ഡ്സ് രോഗികളുടെ എണ്ണത്തിലുണ്ടായ വർദ്ധനവിന്റെ വിശദാംശം ചുവടെചേർക്കുന്നു. 2001-ൽ 1219 രോഗികളുണ്ടായിരുന്നത് 2002-ൽ 1696 ആയും 2003-ൽ 1960 ആയും 2004-ൽ 2003 ആയും വർദ്ധിച്ചിട്ടുണ്ട്.

(ബി) എച്ച്. ഐ. വി. വ്യാപനം തടയുക, രോഗബാധയുടെ നിരക്കും മരണ നിരക്കും കുറച്ചുകൊണ്ടുവരിക, എച്ച്. ഐ. വി. അണുബാധമൂലം ഉണ്ടാകുന്ന സാമൂഹ്യ സാമ്പത്തിക പ്രത്യാഘാതങ്ങൾ കുറയ്ക്കുക എന്നീ ലക്ഷ്യത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

ആവിഷ്കരിച്ചതാണ് എയ്ഡ്സ് പ്രതിരോധ പ്രവർത്തനങ്ങൾ. എയ്ഡ്സ് രോഗം ബാധിക്കാൻ സാധ്യത കൂടുതലുള്ളവരുടെ ഇടയിലുള്ള ലക്ഷ്യവേദിയായ പ്രവർത്തനങ്ങൾ, ലൈംഗിക രോഗങ്ങളുടെ ചികിത്സയും വ്യാപനം തടയലും, ഉറയുടെ ഉപയോഗം വർദ്ധിപ്പിക്കൽ എന്നിവ കൂടാതെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ സ്വഭാവ വ്യതിയാനത്തിനുള്ള പ്രവർത്തനങ്ങളും ഇതിലുൾപ്പെടുന്നു. സാമാന്യ ജനങ്ങൾക്കിടയിൽ എയ്ഡ്സിനെപ്പറ്റി അവബോധം വർദ്ധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, രക്തബാങ്കുകളുടെ നവീകരണവും ദൈനംദിന പ്രവർത്തനങ്ങളും, സ്വമേധയാ രക്തപരിശോധനയ്ക്കുള്ള സംവിധാനം, അമ്മയിൽനിന്നും കുഞ്ഞിലേക്കുള്ള രോഗസംക്രമണം തടയൽ, സൗജന്യമരുന്നു വിതരണം, എയ്ഡ്സ് രോഗികളുടെ പരിപാലനവും ശുശ്രൂഷയും. സാമൂഹ്യക്ഷേമം, വിദ്യാഭ്യാസം, ജയിൽ, റെയിൽവേ തുടങ്ങിയ വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഏകോപനം നൽകൽ എന്നിവയും പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിവരുന്നു.

അനസ്തേഷ്യാ ഡോക്ടർമാരുടെ നിയമനം

121 [3820] *ശ്രീ. വി. കെ. സി. മമ്മത്കോയ* : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനസ്തേഷ്യാ ഡോക്ടർമാരുടെ കുറവുമൂലം കോഴിക്കോട് മെഡിക്കൽ കോളേജിൽ മാസങ്ങളോളം സർജറികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഡോക്ടർമാരുടെ കുറവ് നികത്താൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അനസ്തേഷ്യാ ഡോക്ടർമാരുടെ ഒഴിവ് നികത്താൻ നടപടികൾ സ്വീകരിച്ചുവരുന്നു. ഒഴിവുള്ള തസ്തികയിൽ പി. എസ്. സി. ലിസ്റ്റ് ഇല്ലായെങ്കിൽ കോൺട്രാക്ട് വ്യവസ്ഥയിൽ ഡോക്ടർമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly